# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1173 29.09.2011-ൽ മറുപടിയ്ക്ക്

## വായ്പാ കുടിശ്ശിക എഴുതിത്തള്ളാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.മുല്ലക്കര രത്നാകരൻ | | ശ്രീ. എ. പി. അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) | സ്വയംതൊഴിൽ കണ്ടെത്തുന്നതിൻെറ ഭാഗമായി പിന്നോക്കക്ഷേമ കോർപ്പറേഷനിൽ നിന്ന് വായ്പയെടുത്ത് കുടിശ്ശിക വരുത്തിയിട്ടുള്ള ബി.പി.എൽ വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കളുടെ വായ്പകൾ എഴുതിത്തള്ളുന്ന കാര്യം പരിഗണിക്കുമോ; | എ) | ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷവികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നിവിടങ്ങളിൽ നിന്നുള്ള വായ്പ തുകയാണ് സ്വയം തൊഴിൽ പദ്ധതിക്കായി കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വിനിയോഗിക്കുന്നത്. ബി.പി.എൽ വിഭാഗങ്ങളിലെ വായ്പകൾ എഴുതിത്തള്ളുന്നത് വഴി ദേശീയ കോർപ്പറേഷനുകൾ നൽകിയ വായ്പകളുടെ തിരിച്ചടവ് അസാധ്യമാകുമെന്നതിനാലും കോർപ്പറേഷൻെറ നിലനിൽപ്പിനെ ബാധിക്കും എന്നതിനാലും ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| ബി) | ഇത്തരത്തിൽ സംസ്ഥാനത്ത് ആകെ കുടിശ്ശിക വരുത്തിയിട്ടുള്ളവരുടെ എണ്ണവും അവർ അടച്ചു തീർക്കേണ്ട സംഖ്യയും എത്രയെന്ന് വ്യക്തമാക്കാമോ ? | ബി) | ദാരിദ്ര്യരേഖയുടെ താഴെ ഇത്തരത്തിൽ കുടിശ്ശിക വരുത്തിയവരുടെ എണ്ണം 788-ഉം കുടിശ്ശിക തുക 1,73,38,999 രൂപയും ആണ്. |

സെക്ഷൻ ഓഫീസർ.